## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 4860** **01.07.2013 ൽ മറുപടിയ്ക്ക്**

**<u>പറമ്പിക്കുളം ആളിയാർ സംയുക്ത ജലക്രമീകരണ ബോർഡ് യോഗ തീരുമാനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.ഉമ്മൻചാണ്ടി<br>ബഹു.മുഖ്യമന്ത്രി |
| (എ) പറമ്പിക്കുളം ആളിയാർ സംയുക്ത ജലക്രമീകരണ ബോർഡ് യോഗ തീരുമാന പ്രകാരം പ്രതിദിനം എത്ര ടി.എം.സി വെള്ളമാണ് തമിഴ്നാട് കേരളത്തിന് വിട്ടു തരേണ്ടത്; | (എ) പറമ്പിക്കുളം ആളിയാർ പദ്ധതി (PAP) കരാർ പ്രകാരം കേരളത്തിന് ഒരു ജലവർഷം ചിറ്റൂർ പുഴ പദ്ധതിപ്രദേശത്തെ കാർഷികാവശ്യങ്ങൾക്കായി മണക്കടവ് വിയറിൽ 7.25 TMcft ജലവും ചാലക്കുടി നദീതടത്തിൽ കേരള ഷോളയാറിലേക്ക് 12.3 TMcft ജലവും, പെരിയാർ നദീ തടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിലേക്കും ലോവർ നീരാർ ഡാമിന്റെയും, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഡാമുകളുടെയും വൃഷ്ടി പ്രദേശത്തുള്ള ജലം ഒരുമിച്ചു കണക്കാക്കി 16.5 TMcft-യിൽ അധികമായി വരുന്ന 2.5 TMcft ജലം കേരളത്തിലെ ചിറ്റൂർ പുഴ പദ്ധതി പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും തമിഴ്നാട് ലഭ്യമാക്കേണ്ടതാണ്. |

(ബി) ഈ ഉറപ്പ് പ്രകാരം 01.05.2013 മുതൽ 31.05.2013 വരെ എത്ര തവണ തമിഴ്നാട് കരാർ ലംഘിച്ചു;

(ബി) പി.എ.പി കരാർ പ്രകാരം ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേയ്ക്ക് കേരളത്തിന് ലഭിക്കേണ്ട ജലത്തിന് ഒരു Fornightly Pattern കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ pattern-ൽ കരാറിലെ ജലവിഹിതമായ 7.25 TMcftക്കകത്ത് നിന്നുകൊണ്ട് പ്രാദേശികമായ ആവശ്യങ്ങൾക്കനുസരിച്ചുള്ള മാറ്റങ്ങൾ വരുത്താൻ സംയുക്ത ജലക്രമീകരണ ബോർഡിന് (JWRB) അധികാരമുണ്ട്. പ്രസ്തുത കരാർ പ്രകാരം ഏപ്രിൽ 1 മുതൽ മെയ് 15 വരെ കേരളത്തിന് മണക്കടവ് വിയറിൽ ജലത്തിനർഹതയില്ല. നടപ്പു ജലവർഷത്തിൽ 2013 മെയ് 15 മുതൽ മെയ് 31 വരെ 400 Mcft ജലം ലഭിക്കേണ്ട സ്ഥാനത്ത് 102 MCft ജലമേ കേരളത്തിന് ലഭിച്ചിട്ടുള്ളൂ. എന്നാൽ കേരള ഷോളയാറിലേയ്ക്ക് ജലം ലഭ്യമാക്കുന്നത് സംബന്ധിച്ച് കരാറിൽ ഒരു pattern ഉൾപ്പെടുത്തിയിട്ടില്ല. മെയ് 1 മുതൽ മെയ് 15 വരെ കാലയളവിൽ കരാർ പ്രകാരം കേരളത്തിന് ജലത്തിന് അർഹതയില്ലെങ്കിലും പ്രസ്തുത കാലയളവിൽ 155 Mcft ജലം കുടിവെള്ള ആവശ്യത്തിനായി തമിഴ്നാട് ലഭ്യമാക്കിയിട്ടുണ്ട്.

(സി) മണക്കടവു മുതൽ മൂലത്തറ വരെ ഇപ്രകാരം കേരളത്തിന് ലഭിക്കേണ്ട വെള്ളം തമിഴ്നാട്ടിലെ കർഷകർ തന്നെ ഊറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മണക്കടവ് വിയറിനും മൂലത്തറ റെഗുലേറ്ററിനും ഇടയ്ക്കുള്ള പ്രദേശത്ത് പമ്പ് സെറ്റുകൾ ഉപയോഗിച്ച് നദിയിൽ നിന്നും വെള്ളമെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) ഇതുമൂലം ആളിയാർ ഡാം വെള്ളം ചിറ്റൂർ പുഴ വഴി ഭാരതപ്പുഴയിൽ എത്താത്തതു നിമിത്തം ഭാരതപ്പുഴയിൽ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | (ഡി) | ഉണ്ട്. |
| (ഇ) കേരളത്തിന് ആളിയാർ ഡാമിൽ നിന്നും ലഭിക്കേണ്ട ജലം കൃത്യമായി ലഭിക്കുന്നുണ്ടോ എന്നുറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | | (ഇ) | പി.എ.പി കരാറിലെ വ്യവസ്ഥപ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിലേയ്ക്കായി ഉദ്യോഗസ്ഥ തലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രി തലത്തിലും ചെയ്യാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കുന്നതിന് ഇതിനകം പരിശ്രമിച്ചിട്ടുണ്ട്. പരസ്പര അഭിപ്രായ സമന്വയത്തിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി വിവിധ തലങ്ങളിൽ വിശദമായ ചർച്ചകളും നടത്തുകയുണ്ടായി. അത്തരം പരിശ്രമങ്ങൾക്ക് ശരിയായ ഫലം ഉണ്ടാകാത്ത സാഹചര്യത്തിലാണ് കരാറിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിനെതിരെ ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളത്. പി.എ.പി കരാർ പ്രകാരം ലഭ്യമാകേണ്ടുന്ന ജലവിഹിതം ഉറപ്പാക്കുന്നതിന് കോടതിനടപടികൾക്കു പുറമെ വിശദമായ ആശയവിനിമയത്തിലൂടെ പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനുള്ള തുടർ പരിശ്രമങ്ങളും നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ